# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4155 | 24.10.2016-ൽ മറുപടിക്ക്

## ജിഷ കൊലക്കേസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. മമ്മൂട്ടി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |

(എ) പെരുമ്പാവൂരിലെ ജിഷ കൊലക്കേസ്സിൽ, ആദ്യഘട്ട അന്വേഷണത്തിൽ പങ്കെടുത്ത ഏതൊക്കെ ഉദ്യോഗസ്ഥരെ മാറ്റിയാണ് പുതിയ അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(എ) പെരുമ്പാവൂരിലെ ജിഷ കൊലപാതക കേസിലെ ആദ്യഘട്ട അന്വേഷണത്തിൽ പങ്കെടുത്ത താഴെ പറയുന്ന ഉദ്യോഗസ്ഥരെ മാറ്റിയാണ് പുതിയ അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

1 ശ്രീ. യതീഷ് ചന്ദ്ര ഐ.പി.എസ്., ജില്ലാ പോലീസ് മേധാവി, എറണാകുളം റൂറൽ.

2 ശ്രീ.ജിജിമോൻ, ഡി.വൈ.എസ്.പി. ജില്ലാ ക്രൈംബ്രാഞ്ച്, എറണാകുളം റൂറൽ (ഐ.ഒ.)

3 ശ്രീ. പി.പി. സദാനന്ദൻ, ഡി.വൈ.എസ്.പി. എസ്.എസ്.ബി. കോഴിക്കോട് റൂറൽ.

4 ശ്രീ. ബിജോ അലക്സാണ്ടർ,ഡി.വൈ.എസ്.പി. (ഐ.എസ്), എറണാകുളം റേഞ്ച്.

5 ശ്രീ. ക്രിസ്പിൻ സാം, ഐ.പി., ചാലക്കുടി, തൃശ്ശൂർ റൂറൽ.

6 ശ്രീ. കെ. അനിൽകുമാർ, ഡി.വൈ.എസ്.പി. ഐ.ഒ., പെരുമ്പാവൂർ.

7 ശ്രീ. മുഹമ്മദ് റിയാസ്. എസ്., ഐ.പി., പെരുമ്പാവൂർ

8 ശ്രീ. കെ.എൻ. രാജേഷ്, ഐ.പി., കറുപ്പംപടി

9 ശ്രീ. സ്റ്റെപ്റ്റോ ജോൺ റ്റി.എൽ., എസ്.എച്ച്.ഒ., ബിനാനിപുരം പോലീസ് സ്റ്റേഷൻ

10 ശ്രീ. ഇതിഹാസ്, പ്രൊബേഷനറി എസ്.ഐ., പെരുമ്പാവൂർ പോലീസ് സ്റ്റേഷൻ.

11 ശ്രീമതി സൈനബ, വനിത എസ്.ഐ., വനിതാ സെൽ, എറണാകുളം റൂറൽ.

12 ശ്രീമതി സുമിത്ര വി.ജി., വനിത എ.എസ്.ഐ. വനിതാ സെൽ, എറണാകുളം റൂറൽ.

13 ശ്രീമതി രജനി രാജൻ, ഡബ്ല്യു.സി.പി.ഒ. 9703, വനിതാ സെൽ, എറണാകുളം റൂറൽ.

14 നിഷ കെ.എസ്., ഡബ്ല്യു.സി.പി.ഒ. 11673, വനിതാ സെൽ, എറണാകുളം റൂറൽ.

15 ശ്രീ. ഡെൽഫിൻ സി.പി.ഒ., സൈബർ സെൽ,

കൊച്ചി സിറ്റി.

16 ശ്രീ. പ്രിൻസ്, സി.പി.ഒ., സൈബർ സെൽ, കൊച്ചി സിറ്റി.

17 ശ്രീ. സത്താർ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ.

18 ശ്രീ. നന്ദകുമാർ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ.

19 ശ്രീ. ശ്രീകുമാർ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ.

20 ശ്രീ. ഇക്ബാൽ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ.

21 ശ്രീ. രാധാകൃഷ്ണൻ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ.

22 ശ്രീ. ഷമീർ, സി.പി.ഒ., എസ്.ഡി.പി.ഒ., പെരുമ്പാവൂർ.

(ബി) ഒരു ദളിത പെൺകുട്ടി കൊല ചെയ്യപ്പെട്ട സംഭവത്തിൽ തെളിവുകൾ നശിപ്പിക്കുന്ന തരത്തിൽ അന്വേഷണത്തിൽ അലംഭാവം വരുത്തുകയും മൃതദേഹം വീട്ടിൽ കൊണ്ടു പോകാതെ വഴിക്കു തന്നെ ശ്മശാനത്തിൽ ദഹിപ്പിക്കാൻ അനുവദിക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥൻ ആരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നിയമ വ്യവസ്ഥകൾ അറിയാവുന്ന ആ ഉദ്യോഗസ്ഥൻ അതിനു മുതിർന്നതിന്റെ കാരണം എന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി) യും (സി) യും ഈ സംഭവത്തിലെ തെളിവുകൾ നശിപ്പിച്ചതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടില്ലാത്തതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ വച്ച് പോസ്റ്റ്മാർട്ടം പരിശോധനയ്ക്ക് ശേഷം മതാചാര പ്രകാരം മറവ് ചെയ്യുന്നതിനായി ജിഷയുടെ മൃതദേഹം ബന്തവസ്സ് ഡ്യൂട്ടിയിലുണ്ടായിരുന്ന ഡബ്ല്യൂ.സി.പി.ഒ. ശകുന്തള, ജിഷയുടെ അച്ഛന്റെ സഹോദരനായ അയ്യപ്പൻകുട്ടി എന്നയാൾക്ക് കൈച്ചീട്ട് പ്രകാരം വിട്ടുകൊടുത്തിട്ടുള്ളതുമാണ്. പിന്നീട് മൃതദേഹം അടക്കുവാനുള്ള സ്ഥലപരിമിതി മൂലം ജിഷയുടെ അമ്മാവൻ സുരേഷ് മലമുറി ശ്മശാനത്തിൽ മൃതദേഹം ദഹിപ്പിക്കുന്നതിനായി പെരുമ്പാവൂർ മുൻസിപ്പാലിറ്റിക്ക് അപേക്ഷ നൽകിയതിൽ, കൊലപാതക കേസായതിനാലും അസമയമായതിനാലും ശ്മശാന അധികൃതർ പോലീസിന്റെ കത്ത് വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതും പോലീസിന്റെ കത്ത് ലഭിക്കുന്നതിനായി ജിഷയുടെ സഹോദരി ദീപ കുറുപ്പംപടി എസ്.ഐ.യ്ക്ക് അപേക്ഷ എഴുതി ഒപ്പിട്ടു നൽകിയതിന്റെ അടിസ്ഥാനത്തിൽ കുറുപ്പംപടി എസ്.ഐ. ശ്രീ. സോണി മത്തായി ഒരു കത്ത് നൽകിയിട്ടുണ്ടായിരുന്നു. മൃതദേഹം ദഹിപ്പിച്ചത് കൊല്ലപ്പെട്ട ജിഷയുടെ ബന്ധുക്കളുടേയും നാട്ടുകാരുടേയും സാന്നിദ്ധ്യത്തിലായിരുന്നു. മൃതദേഹം ദഹിപ്പിക്കുന്ന സമയത്ത് പോലീസിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നില്ല.

സെക്ഷൻ ഓഫീസർ